വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകൾമൂലമുണ്ടാകുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരും SCT എഞ്ചിനീയറിംഗ് കോളേജ്, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്, നാറ്റ്പാക് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി യോഗം ചേർന്ന് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമേ അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി റോഡ് സേഫ്റ്റി ആൻഡ് ആക്സിഡന്റ് റിഡക്ഷൻ എന്ന ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഒരു വിശദമായ പ്രൊപ്പോസലും ആയതിലേയ്ക്കായി 42 കോടി രൂപയുടെ ഫണ്ടും അനുവദിക്കുന്നതിലേയ്ക്കായി കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ

175 (2895) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷന് ആധാർ നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിക്കുന്നുണ്ടോ?

പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ആധാർ ഒരു തിരിച്ചറിയൽ രേഖയായി സ്വീകരിക്കാമെങ്കിലും നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ ഇപ്പോൾ വാഹന ഷോറൂമുകളിൽ നിന്നുതന്നെ പൂർത്തീകരിക്കപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷയും ഫീസ്, ടാക്സ് തുടങ്ങിയവയും ഡീലർ ഓൺലൈൻ മുഖാന്തരം സമർപ്പിക്കുന്നു. കൂടാതെ മേൽവിലാസത്തിനുള്ള തെളിവ് തുടങ്ങിയ രേഖകൾ ഡീലർ ഓൺലൈനായി അപ്ലോഡ് ചെയ്യുന്നു. പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് വാഹന പരിശോധനയോ നേരിട്ടുള്ള അപേക്ഷയോ കൂടാതെ ഓൺലൈനായി ലഭ്യമായ അപേക്ഷയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽനിന്ന് മോട്ടോർ വാഹന നിയമം സെക്ഷൻ 41 (6) പ്രകാരം രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നു. ഇത് എസ്.എം.എസ്. മുഖേന ഉടമയെ അപ്പപ്പോൾത്തന്നെ അറിയിക്കുകയും ചെയ്യുന്നു. ' ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ് ' ഡീലർ വാഹനത്തിൽ ഘടിപ്പിച്ചതിനുശേഷം മാത്രമേ വാഹനം വാങ്ങിയ ആൾക്ക് നൽകുവാൻ പാടുള്ളൂ. ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റിന്റെ വിവരങ്ങൾ ഡീലർ അപ്ലോഡ് ചെയ്യുന്നതിനനുസരിച്ചു വാഹൻ സോഫ്റ്റ്വെയറിൽനിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ലഭ്യമാവുകയും ഉടമയ്ക്ക് അയച്ചുനൽകുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്ത് താൽക്കാലിക രജിസ്ട്രേഷൻ രീതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള മോട്ടോർ വാഹന നിയമം, റൂൾ 95 പ്രകാരം ഫാൻസി രജിസ്ട്രേഷൻ നമ്പർ റിസർവ് ചെയ്യുന്നതിനായി താൽകാലിക രജിസ്ട്രേഷൻ ആവശ്യമാണ്. രജിസ്ട്രേഷൻ നമ്പർ റിസർവ് ചെയ്യേണ്ടുന്ന വാഹനങ്ങൾക്കും കൂടാതെ ബോഡി നിർമ്മാണം ആവശ്യമായിവരുന്ന വാഹനങ്ങൾക്കും നമ്മുടെ സംസ്ഥാനത്തെ ഡീലർമാർ ഇതര സംസ്ഥാനത്തെ പൗരന്മാർക്ക് വിൽപ്പന നടത്തുന്ന വാഹനങ്ങൾക്കും താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്.

സേഫ് കേരള പദ്ധതി

176 (2896) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. റോഡപകടങ്ങൾ ഒഴിവാക്കി സുരക്ഷിത യാത്ര ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് "സേഫ് കേരള

LIBRARY ARCHIVES Kerala Legislative Assembly